**പതിനഞ്ചാം കേരള നിയമസഭ**

നാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2022 മാർച്ച് 14, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

9 (*91) വിനോദസഞ്ചാര മേഖലയിലെ പുതിയ പദ്ധതികൾ

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, സംസ്ഥാന വിനോദസഞ്ചാര മേഖലയിൽ ആഭ്യന്തര-വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനായി വിവിധങ്ങളായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേരളത്തെ അന്താരാഷ്ട്ര-ആഭ്യന്തര വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട്, മലബാർ ലിറ്ററി സർക്യൂട്ട് എന്നീ രണ്ട് പദ്ധതികൾ പ്രഖ്യാപിക്കുകയും ട്രാവൻകൂർ പൈതൃക പദ്ധതിയുടെ ആദ്യഘട്ട

നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും 'ഡെസ്റ്റിനേഷൻ ചലഞ്ച്', 'കാരവൻ ടൂറിസം' എന്നീ പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കേരളം സുരക്ഷിതമാണെന്ന സന്ദേശം നൽകുന്നതിന് റീ-അഷ്വറൻസ് ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ആയുർവ്വേദ ടൂറിസം, സാഹസിക വിനോദസഞ്ചാരം എന്നിവ പ്രോത്സാഹിപ്പിക്കുകയും ഹോംസ്റ്റേകളിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിനായി 'ഡിജിറ്റൽ മാർക്കറ്റിംഗ് പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. ആഭ്യന്തര സഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുന്നതിന് ഇന്ത്യയിലെ മെട്രോ സിറ്റികളിൽ ടൂറിസം റോഡ് ഷോകൾ സംഘടിപ്പിക്കാനും പ്രിന്റ്/സോഷ്യൽ മീഡിയ, ഡിജിറ്റൽ, തീയേറ്റർ, റേഡിയോ പ്രചരണങ്ങൾ നടത്താനും വിദേശ രാജ്യങ്ങളിൽനിന്നുള്ള വിനോദ സഞ്ചാരികളെ ലക്ഷ്യമിട്ട് പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിനുകൾ സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ പരിപാലനത്തിനായി കലാലയങ്ങൾ കേന്ദ്രീകരിച്ച് 'ടൂറിസം ക്ലബ്ബുകൾ' ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ഹെലി ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും മലയോര മേഖലകളിൽ പ്രത്യേക ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുമെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

10 (*92) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം

പൊതുവിദ്യഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് 'ആവാസ്' പദ്ധതി മുഖേന അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടന്നുവരുന്നുണ്ടെന്നും 07-03-2022 വരെ 513359 പേരെ രജിസ്റ്റർ ചെയ്ത് ആവാസ് കാർഡ് നൽകിയിട്ടുണ്ടെന്നും കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 58888 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അതിഥി തൊഴിലാളികളുടെ വിവരശേഖരണത്തിനും ഇവർക്ക് സർക്കാരിൽനിന്നുള്ള വിവിധ ക്ഷേമ ആനുകൂല്യങ്ങൾ നൽകുന്നതിനുമായി വികസിപ്പിച്ച മൊബൈൽ ആപ്പിന്റെ പ്രവർത്തനം അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതര സംസ്ഥാനങ്ങളിൽനിന്നും തൊഴിലാളികളെന്ന വ്യാജേന കൊടുംകുറ്റവാളികൾ വ്യാജ തിരിച്ചറിയൽ കാർഡുമായി സംസ്ഥാനത്ത് എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആലപ്പുഴ, കാസർഗോഡ് ജില്ലകളിലായി ഇതുസംബന്ധിച്ച് മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 'ആവാസ്' പദ്ധതിയിൽ

അംഗമാകുന്നവർക്ക് സൗജന്യ ചികിത്സ, അപകടമരണ ഇൻഷ്വറൻസ്, ജോലിക്കിടയിൽ അംഗവൈകല്യം സംഭവിക്കുന്നവർക്ക് ധനസഹായം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അപകട മരണ ഇൻഷ്വറൻസ് ഇനത്തിൽ 54 ലക്ഷം രൂപയും ചികിത്സായിനത്തിൽ 20,02,328 രൂപയും വിതരണം ചെയ്തിട്ടുണ്ടെന്നും അതിഥി തൊഴിലാളികൾക്കായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കൊല്ലം, ആലപ്പുഴ, കോട്ടയം, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഭവനം ഫൗണ്ടേഷന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ ഹോസ്റ്റൽ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഇവർക്കായി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ടെന്നും താമസസ്ഥലങ്ങളിലെ പരിശോധന കർശനമാക്കുന്നതിന് തൊഴിൽ വകുപ്പിന് നിർദ്ദേശം നൽകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

11 (*93) <u>പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി</u>

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, പൊതുമരാമത്ത് പ്രവൃത്തികളുടെ

ഏകോപനത്തിനും സമയബന്ധിതമായ അവലോകനം ഉറപ്പുവരുത്തുന്നതിനുമായി രൂപീകരിച്ച കോൺസ്റ്റിറ്റ്യൂവൻസി മോണിറ്ററിംഗ് ടീമിന്റെ ഘടനയും ചുമതലകളും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ഇതിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് സ്റ്റേറ്റ് ലെവൽ നോഡൽ ഓഫീസർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാന ദേശീയപാത വിഭാഗത്തിലെ വിവിധ തസ്തികകൾ വകുപ്പിലെ മറ്റ് വിഭാഗങ്ങളിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിർമ്മാണപ്രവൃത്തികളുടെ വേഗത വർദ്ധിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനുമായി District Infrastructure Co-ordination Committee രൂപീകരിച്ചിട്ടുണ്ടെന്നും പൊതുമരാമത്ത് പ്രവൃത്തികളിൽ കോമ്പോസിറ്റ് ടെണ്ടർ ഏർപ്പെടുത്താനും വർക്കിംഗ് കലണ്ടർ കൊണ്ടുവരാനും തീരുമാനിച്ചിട്ടുണ്ടെന്നും കരാറുകാർ പ്രവൃത്തികൾ അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമെന്നും നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്ന കരാറുകാർക്ക് ബോണസ് സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

12 (*94) <u>ഡിജിറ്റൽ റീസർവ്വേ</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയിൽ, സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ നടപടികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 339.438 കോടി രൂപ ആദ്യഘട്ടത്തിൽ അനുവദിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. CORS, RTK റോവർ, ഡ്രോൺ തുടങ്ങിയ ആധുനിക സാങ്കേതികവിദ്യകളുപയോഗിച്ച് സർവ്വേ നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. ഒരേ സമയം 200 വില്ലേജുകളുടെ സർവ്വേ നടത്തുന്നതിലേയ്ക്കായി കൂടുതൽ സർവ്വേ ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികളും ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്. സർവ്വേ മാപ്പുകൾ ഓൺലൈൻ മുഖേന നൽകുന്ന 'e-maps' എന്ന ആപ്ലിക്കേഷൻ ReLIS, PEARL എന്നിവയുമായി സംയോജിപ്പിച്ച് ഏകജാലക സംവിധാനം ഏർപ്പെടുത്തി എല്ലാ ഭൂസേവനങ്ങളും സുതാര്യമാക്കുമെന്നും സെറ്റിൽമെന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് പരിഹാരം കാണുന്നതിന്

നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണെന്നും മന്ത്രി വ്യക്തമാക്കി.